**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2985** — **28-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ ജനങ്ങൾക്ക് തൊഴിലും ജീവനോപാധിയും നൽകുന്ന മത്സ്യമേഖലയുടെ പ്രാധാന്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>തീരദേശ മേഖലയുടെ ക്ഷേമത്തിനും വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനുതകുന്ന വിവിധ<br><br>പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴി ലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യ ത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതി .<br><br>2. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി എഫ്.ആർ.പി യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി<br><br>3. അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യ ത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി.<br><br>4. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യ ബന്ധനം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിന് ജി.പി.എസ് (മൗണ്ടിംഗ് ടൈപ്പ്, ഹാൻഡ് ഹെൽഡ് ടൈപ്പ്), ലൈഫ് ബോയ്, എക്കോസൗണ്ടർ, ഡാറ്റ് (DAT) എന്നിവ വിതരണം ചെയ്യുന്ന പദ്ധതി.<br><br>5. 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന ഉപാധികൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>6. മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേട്ടു കൂടാതെ സൂക്ഷിക്കുന്നതിനായി 75% സബ്സിഡിയോടെ ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>7. പരമ്പരാഗത മത്സ്യബന്ധന എഞ്ചിനു കൾ എൽ.പി.ജി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് എൽ.പി.ജി കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 500 പരമ്പരാഗത യാനങ്ങൾക്ക് എൽ.പി.ജി കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പരിശോധിച്ചു വരുന്നു.<br><br>8. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും രക്ഷാപ്രവർത്തനത്തിനുമായി 9 മറൈൻ ജില്ലകളിലായി 11 രക്ഷാബോട്ടുകളും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻസുകളും സജ്ജീകരിച്ചിട്ടുണ്ട്.<br><br>9. സംസ്ഥാനത്തെ 15 ഹാർബറുകളിൽ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് (NIWS)-ൽ പരിശീലനം സിദ്ധിച്ച 200 സുരക്ഷാസ്ക്വാഡുകളെ നിയമിക്കുകയും രക്ഷാപ്രവർത്തനത്തിൽ പരിശീലനം ലഭിച്ച 175 മത്സ്യത്തൊഴിലാളികൾക്ക് റീവാലിഡേഷൻ ട്രെയിനിംഗ് നൽകുകയും ചെയ്തു.<br><br>10. രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്ന തിനായി പ്രധാനപ്പെട്ട 10 ഹാർബറുകളിൽ സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിച്ചു അവയുടെ പ്രവർത്തനം 3 റീജിയണൽ കൺട്രോൾ റൂമുമായും മാസ്റ്റർ കൺട്രോൾ റൂമുമായും ബന്ധിപ്പിച്ച് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചു നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിൽ | (ബി) | ഉണ്ട്. |

നിലവിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

തീരദേശ മേഖലയുടെ ക്ഷേമത്തിനും വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനുതകുന്ന വിവിധ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴി ലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യ ത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതി .

2. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി എഫ്.ആർ.പി യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി

3. അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യ ത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി.

4. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യ ബന്ധനം ഉറപ്പാക്കുന്നതിന് ജി.പി.എസ് (മൗണ്ടിംഗ് ടൈപ്പ്, ഹാൻഡ് ഹെൽഡ് ടൈപ്പ്), ലൈഫ് ബോയ്, എക്കോസൗണ്ടർ, ഡാറ്റ് (DAT) എന്നിവ വിതരണം ചെയ്യുന്ന പദ്ധതി.

5. 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന ഉപാധികൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു.

6. മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേട്ടു കൂടാതെ സൂക്ഷിക്കുന്നതിനായി 75% സബ്സിഡിയോടെ ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | 7. പരമ്പരാഗത മത്സ്യബന്ധന എഞ്ചിനു കൾ എൽ.പി.ജി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് എൽ.പി.ജി കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 500 പരമ്പരാഗത യാനങ്ങൾക്ക് എൽ.പി.ജി കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പരിശോധിച്ച് വരുന്നു.<br><br>8. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും രക്ഷാപ്രവർത്തനത്തിനുമായി 9 മറൈൻ ജില്ലകളിലായി 11 രക്ഷാബോട്ടുകളും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻസുകളും സജ്ജീകരിച്ചിട്ടുണ്ട്.<br><br>9. സംസ്ഥാനത്തെ 15 ഹാർബറുകളിൽ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് (NIWS)-ൽ പരിശീലനം സിദ്ധിച്ച 200 സുരക്ഷാസ്ക്വാഡുകളെ നിയമിക്കുകയും രക്ഷാപ്രവർത്തനത്തിൽ പരിശീലനം ലഭിച്ച 175 മത്സ്യത്തൊഴിലാളികൾക്ക് റീവാലിഡേഷൻ ട്രെയിനിംഗ് നൽകുകയും ചെയ്തു.<br><br>10. രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്ന തിനായി പ്രധാനപ്പെട്ട 10 ഹാർബറുകളിൽ സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനം 3 റീജിയണൽ കൺട്രോൾ റൂമുമായും മാസ്റ്റർ കൺട്രോൾ റൂമുമായും ബന്ധിപ്പിച്ച് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും ശുദ്ധജലം, ശൗചാലയം, മാലിന്യസംസ്കരണ സംവിധാനം എന്നീ പ്രാഥമിക സംവിധാനങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മത്സ്യബന്ധന ഗ്രാമങ്ങളിൽ പൊതുവായ ശുദ്ധജല വിതരണം, പൊതു ശൗചാലയങ്ങൾ എന്നിവ ഒരുക്കുന്നത് ഫിഷറീസ് വകുപ്പ് മുഖേനയല്ല. എന്നാൽ തീരദേശ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഉൾപ്പെടുത്തി കുടിവെള്ളം എത്താത്ത മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനും അതായത് വൈദ്യുതി, ആരോഗ്യ സൗകര്യങ്ങൾ, ലൈബ്രറി, കളിസ്ഥല നിർമ്മാണം, ഡ്രെയിനേജ്, ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ വികസനം എന്നിവയ്ക്ക് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ തുക തീരദേശ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ